പ്രകൃതി നിരീക്ഷണം

# മണ്ണാത്തിപ്പുള്ള്

• റഫീഖ് പുതുപൊന്നാനി

വീട്ടിൽ ഒതുങ്ങിയിരിക്കുമ്പോൾ നമ്മെ ചിന്തകളിൽ നിന്നും ഉണർത്തുന്നത് പക്ഷികളുടെ കൂജനങ്ങളാവും. ചിലപ്പോൾ നമ്മുടെ ചൂളംവിളി പോലെ നീളത്തിലുള്ള ഒരു ചൂളമടി കാതിലെത്തും. ചിലരൊക്കെ അതിന് മറുപടിയായി തിരിച്ച് ഒരു ചൂളംവിളി കൊടുക്കാറുണ്ട്.

ജനുവരി മുതൽ മെയ് വരെയുള്ള കാലത്താണ് ഈ ചൂളംവിളി കൂടുതൽ നമ്മുടെ ചുറ്റുപാടുകളെ ഗാനമുഖരിതമാക്കുക. സുന്ദരിയായ മണ്ണാത്തിപ്പുള്ളാണ് ഈ ചൂളംവിളിക്കാരി. നമ്മുടെ നാട്ടിൽ ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലും ഇവയെ കാണാം.

മണ്ണാത്തിപ്പുള്ളിന്റെ അഴകും സ്വഭാവവും ആകർഷകമാണ്. ഒരു ബുൾബുളിനോളം വലുപ്പമുള്ള പക്ഷിയാണിത്. മിക്കപ്പോഴും വാൽ ഉയർത്തിപ്പിടിച്ചിരിക്കും. ഇടക്കിടെ താഴ്ത്തുന്നതും കാണാം.

ഇവയെ തിരിച്ചറിയാൻ എളുപ്പമാണ്. കറുപ്പും വെള്ളയും കലർന്നതാണ് ശരീരം. തലയും കഴുത്തും പുറവും കറുപ്പു നിറത്തിൽ. അടിഭാഗം വെള്ളയും. മിക്ക സമയത്തും വാൽ ഉയർത്തിയായിരിക്കും കാണുക. വാലിലെ നടുക്കുള്ള തൂവലുകൾ കറുപ്പും ബാക്കിയു



▸▸ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്– പീച്ചി

ള്ളവ വെള്ളയുമാണ്. കുഞ്ഞുങ്ങളാണെങ്കിൽ തൊണ്ടയും മാറിടവും നിറയെ വെള്ള വരകൾ നിറഞ്ഞ തവിട്ടു നിറത്തിലാണ്. അൽപ്പം നീണ്ട കാലുകളായിരിക്കും.

ആണിനെയും പെണ്ണിനെയും തിരിച്ചറിയാനുമുണ്ട് അടയാളം. കടുത്ത നിറത്തിലാണ് ആൺപക്ഷി. മങ്ങിയ നിറത്തിൽ കാണുന്നവ പെൺ പക്ഷിയും.

പാമ്പിനോടും പൂച്ചയോടും വലിയ ശത്രുത കാണിക്കാറുണ്ട് ഇവ. അവയെ കണ്ടാൽ പ്രത്യേകതരം ശബ്ദത്തിൽ രോഷം പ്രകടിപ്പിക്കുന്നു.

നിലത്തുനിന്ന് പ്രാണികളും പുഴുക്കളും കൊത്തിയെടുത്താണ് വയറു നിറക്കുക. ചില സമയത്ത് മരക്കൊമ്പുകളിലും ഇര തേടിയെടുത്തും. മുരുക്കും പൂമരവും പൂക്കുന്ന കാലത്ത് തേൻ കുടിക്കാൻ മണ്ണാത്തിപ്പുള്ളെ ത്തും. ഇരുണ്ട മാളങ്ങളിലാണ് അധികവും കൂട് കൂട്ടുക. തെങ്ങിന്റെ ഓല മടക്കിലും അപൂർവമായി കൂട് കൂട്ടാറുണ്ട്. ചകിരിയും നാരും കൊണ്ടാണ് കൂടൊരുക്കുന്നത്.



പരസ്പര സഹകരണത്തി ലൂടെയുള്ള കുടുംബ സംവിധാനം ഇവരിലും കാണാം. പെൺപക്ഷി കൂട് കൂട്ടുന്നതിൽ കൂടുതൽ പണിയെടുക്കുമ്പോൾ, പൂവൻ ശത്രുക്കളിൽനിന്നു ള്ള സുരക്ഷ ഒരുക്കാനാണ് നോക്കു ക. അടയിരിക്കുമ്പോഴും പൂവന്റെ ഈ കരുതൽ കാണാം.

കുഞ്ഞുങ്ങളെ പോറ്റുന്നതിലും ആൺപക്ഷിയാണ് കൂടുതൽ ശ്രദ്ധിക്കുന്നത്. കൂടുകൾക്ക് അതിര് നിശ്ചയിക്കുന്ന പതിവ് ഇവയ്ക്കുണ്ട്. അതിനപ്പുറം മറ്റു പുള്ളുകളെ കടത്തുകയില്ല.

ഒരു സീസണിൽ രണ്ടോ നാലോ മുട്ടകളാണ് ഇടുക. മുട്ടകളിൽ നിറയെ ചുവന്ന പൊട്ടുകൾ കാണാം.

വാൽ ഇടയ്ക്കിടക്ക് ഉയർത്തിയും താഴ്ത്തിയുമാണ് ഇവ ഇരിക്കുക. ഇത് കണ്ടാൽ വസ്ത്രം അലക്കുന്നതുപോലെ തോന്നുമല്ലോ. ഇതാണ് മണ്ണാത്തിപ്പുള്ള് എന്ന പേരുവരാൻ കാരണം.

ഇംഗ്ലീഷിൽ Magpie Robin എന്ന് പറയും. കോപ്സിക്കസ് സോളാരിസ് (Cospychus Saularis) എന്നാണ് ശാസ്ത്രീയ നാമം. പ്രപഞ്ചനാഥന്റെ സൃഷ്ടിവൈഭവങ്ങളിലൊന്നാണ് ഈ പുള്ളുകളും.

•

▸▸ നക്ഷത്ര ആമകൾക്ക് പേരുകേട്ട കേരളത്തിലെ വനപ്രദേശം– ചിന്നാർ